പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1790 | 12.06.2019-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി. യുടെ സാമ്പത്തിക സ്ഥിതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കടമെടുക്കാതെ സ്വന്തംവരുമാനം ഉപയോഗിച്ച് ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് കെ.എസ്.ആർ.ടി.സി.ക്ക് സാധിക്കുന്നുണ്ടോ; എങ്കിൽ 2019-ൽ ഏതൊക്കെ മാസങ്ങളിലാണ് അപ്രകാരം ശമ്പളം നൽകിയത് എന്നറിയിക്കാമോ; | (എ) | നിലവിൽ സർക്കാർ പ്രതിമാസം വായ്പയായി നൽകുന്ന തുകയും കെ.എസ്.ആർ.ടി.സി.യുടെ സ്വന്തം വരുമാനവും ഉപയോഗിച്ചാണ് ജീവനക്കാർക്ക് ശമ്പളം നൽകുന്നത്. സ്വന്തം വരുമാനത്തിൽ നിന്നും മാത്രം ശമ്പളം നൽകുന്നതിന് സാധിക്കുന്നില്ല. എന്നാൽ 2019 ജനുവരി മാസം ശബരിമല സർവ്വീസുകളിൽ നിന്നും ലഭിച്ച വരുമാനവും ഉൾപ്പെടുത്തി ജീവനക്കാർക്ക് ശമ്പളം നൽകുവാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | കെ.എസ്.ആർ.ടി.സി.ക്ക് ഇപ്രകാരമുള്ള സാമ്പത്തിക സ്ഥിതി ഉണ്ടായത് ഏത് സാഹചര്യത്തിലാണ് എന്ന് വ്യക്തമാക്കുമോ; | (ബി) | മുൻ കാലങ്ങളിൽ കെ.എസ്.ആർ.ടി.സി.യിൽ ശമ്പളവും പെൻഷനും വിതരണം ചെയ്യുന്നതിനായി കെ.എസ്.ആർ.ടി.സി.യുടെ ഡിപ്പോകളും വസ്തുക്കളും പണയപ്പെടുത്തി വായ്പകൾ എടുത്തിരുന്നു. ഇത്തരത്തിൽ കെ.എസ്.ആർ.ടി.സി.യുടെ ഒട്ടുമിക്ക വസ്തുവകകളും പണയത്തിലായി. മാത്രമല്ല ടി വായ്പകളുടെ പ്രതിമാസ പലിശ അടവ് കെ.എസ്.ആർ.ടി.സി.ക്ക് ഭാരിച്ച ബാധ്യത ആകുകയും, തുടർന്ന് വരവും ചെലവും തമ്മിലുള്ള അന്തരം വർദ്ധിക്കുകയും, കെ.എസ്.ആർ.ടി.സി. സാമ്പത്തിക പ്രതിസന്ധിയിൽ അകപ്പെടുകയും ചെയ്തു. |
| (സി) | സംസ്ഥാന സർക്കാർ കെ.എസ്.ആർ.ടി.സി.ക്ക് ഈ വർഷം എന്തെങ്കിലും ധനസഹായം അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | പ്ലാൻ, നോൺ-പ്ലാൻ ശീർഷകങ്ങളിലായി വായ്പാ ഇനത്തിൽ ഈ സാമ്പത്തിക വർഷം ഇതുവരെ 183.2997 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**